LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത കോളനികളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ ഏതെങ്കിലും പൊതുഇടത്ത് ANERT-ന്റെ സഹായത്തോടെ സോളാർ പാനലുകൾ സ്ഥാപിച്ച് വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്‌വർക്കിന്റെയോ ടവറുകളുടെയോ അഭാവംമൂലം ഡിജിറ്റൽ പഠനം വിദ്യാർത്ഥികൾക്ക് സാധിക്കാതെ വരുന്നതും പല വിദ്യാർത്ഥികളും പാഠപുസ്തകം മരത്തിന് മുകളിലും കയറി അപകടത്തിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കണ്ണൂർ ജില്ലയിൽ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് കോളനിയിലെ ഒരു വിദ്യാർത്ഥി മരത്തിൽ നിന്നു വീണിരുന്നു. എന്നാൽ അത് ഡിജിറ്റൽ കണക്ടിവിറ്റി ലഭിക്കുന്നതിനുവേണ്ടി മരത്തിൽ കയറിയപ്പോൾ സംഭവിച്ചതാണോയെന്ന കാര്യത്തിൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഇദ്ദേഹത്തിന് പരിയാരം ഗവ. മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാക്കുകയും ധനസഹായം വകുപ്പ് മുഖേന നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇവർക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനും പഠനശ്രമത്തിനിടെ അപകടത്തിൽപ്പെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇത്തരത്തിൽ എത്ര പേർക്ക് സഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ?

ഇത്തരത്തിൽ അപകടത്തിൽപ്പെട്ട ഒരാൾക്ക് സൗജന്യ ചികിത്സയും ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തിക്കുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടി വിദ്യാർത്ഥിയുടെ വീട്ടിൽ ഉൾപ്പെടെ ടി കോളനിയിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

കൊണ്ടോട്ടി മണ്ഡലത്തിലെ എസ്.സി. കോളനികളുടെ വികസനം

22(767) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തി ഏറ്റെടുത്ത ഏജൻസികൾ പദ്ധതി പൂർത്തിയാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി വകുപ്പുതല പരിശോധന കൃത്യമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസുകൾ മുഖേനയും ഫീൽഡ് തലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 9-9-2021-ന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല അവലോകന യോഗത്തിൽ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നേതൃത്വത്തിലുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്മിറ്റി പ്രസ്തുത പദ്ധതി മോണിറ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 6-8-2021-ന് ചേർന്ന യോഗത്തിൽ ജില്ലയിലെ എല്ലാ പ്രവൃത്തികളും അവലോകനം ചെയ്തു.

(ഡി) മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 9-9-2021-ലെ ഉന്നതതല അവലോകന യോഗത്തിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം

23(768) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ സങ്കേതങ്ങളിലായി എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 5 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി ആകെ 32 കുടുംബങ്ങളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.